# നർമ്മദ സമരം — എന്താണ് നമ്മുടെ തീരുമാനം?

**ജിയോ ജോസ്**

നർമ്മദയിലെ സത്യാഗ്രഹ പരീക്ഷണങ്ങൾ ഇപ്പോൾ വീണ്ടും ശ്രദ്ധാകേന്ദ്രമായിരിക്കുന്നു. കഴിഞ്ഞ 14 വർഷത്തെയെങ്കിലും തീവ്രമായ സമരങ്ങൾക്കുശേഷവും അണക്കെട്ട് പണി തടയുന്നതിന് നർമ്മദ താഴ്‌വരയിലെ ജനതയ്ക്ക് സാധിച്ചിട്ടില്ല. പോരാഞ്ഞിട്ട് ഈ മൺസൂൺ മഴക്കാലം അവരുടെ നിലനില്പുതന്നെ അപകടപ്പെടുത്തുന്ന രീതിയിൽ കാര്യങ്ങൾ എത്തിയിരിക്കുകയാണ്. 1995 മുതൽ സർദാർ സരോവർ അണക്കെട്ടിന്റെ പണി കോടതി തടഞ്ഞുവച്ചിരിക്കുകയായിരുന്നു. മറ്റു സമരങ്ങളിൽനിന്ന് വ്യത്യസ്തമായി വിവിധ തലങ്ങളിൽ നടത്തിയ പ്രക്ഷോഭങ്ങളും പഠന റിപ്പോർട്ടുകളും വിശകലനങ്ങളുമായിരുന്നു നർമ്മദാ ബചാവോ ആന്ദോളന് ഈയൊരു താത്കാലിക വിജയം നേടിയെടുക്കാൻ സഹായിച്ചത്.

ഏതൊരു വികസന പദ്ധതിയും തുടങ്ങുന്നതിനുമുമ്പ് പൂർത്തീകരിക്കേണ്ട ചില കാര്യങ്ങളുണ്ട്. അവയിലൊന്നാണ് ആ പദ്ധതിമൂലം കുടിയൊഴിയേണ്ടിവരുന്ന ജനതയ്ക്ക് ന്യായമായ പുനരുദ്ധാരണം നല്കുക എന്നത്. സർദാർ സരോവറിന്റെ കാര്യത്തിൽ ഈ നിബന്ധന സർക്കാർ പാലിച്ചിട്ടില്ല. മാറ്റിപാർപ്പിച്ചവരാകട്ടെ തീരെ മോശമായ സ്ഥിതിയിലുമാണ്. വളരെയധികം പേരെ അവർ നേരത്തെ താമസിച്ചിരുന്ന ഇടങ്ങളിൽനിന്ന് 500-ഉം 1000-ഉം കി.മീ. ദൂരെയാണ് പുനരധിവസിപ്പിച്ചിരിക്കുന്നത്. അതും മറ്റ് സംസ്ഥാനങ്ങളിൽ. ഉദാഹരണമായി മധ്യപ്രദേശത്തു താമസിച്ചിരുന്നവർക്ക് ഗുജറാത്തിലാണ് സ്ഥലം നല്കിയിരിക്കുന്നത്. കുടിയൊഴിക്കപ്പെടുന്നവർക്കെല്ലാം നല്കാൻ സർക്കാരിന്റെ കൈവശം ഭൂമിയില്ലെന്നുള്ളതാണ് വാസ്തവം. ഇക്കാരണങ്ങളായിരുന്നു പണി നിർത്തിവയ്പിക്കുന്നതിന് സുപ്രീം കോടതിയെ നിർബന്ധിച്ചത്.

എന്നാൽ, ഇക്കൊല്ലം ഒരു ഇടക്കാല ഉത്തരവ് വഴി അണക്കെട്ടിന്റെ ഉയരം നേരത്തെ നിറുത്തിവച്ചിരുന്ന 80.3 മീറ്ററിൽനിന്ന് 85 മീറ്ററായി ഉയർത്താൻ സുപ്രീംകോടതി അനുമതി നല്കി. മൂന്നു മീറ്റർ തടയും കൂടി ചേർന്നപ്പോൾ ഇത് 88 മീറ്ററായി ഉയർന്നു. അതായത് ഏറ്റവും ചുരുങ്ങിയത് ഈ മഴക്കാലത്ത് 2500 കുടുംബങ്ങളെങ്കിലും റിസർവോയർ ജലത്തിനടിയിലാവും.

ഏതു മുന്നുപാധികൾ പൂർത്തീകരിക്കാത്തതുകൊണ്ടാണോ അണക്കെട്ടിന്റെ പണി തടഞ്ഞുവച്ചത് അവയൊന്നുംതന്നെ നടപ്പിലാക്കുന്നതിനുമുമ്പാണ് ഒരു അശനീപാതംപോലെ ഈ ഉത്തരവ് നർമ്മദ താഴ്‌വരയിലെ ആദിവാസി ജനതയുടെ മേൽ വന്നുപതിച്ചിരിക്കുന്നത്. ഇത് ഇവിടത്തെ നീതിന്യായ വ്യവസ്ഥയെതന്നെ, അവരുടെ വികസന കാഴ്ചപ്പാടിനെത്തന്നെ വിശകലനം ചെയ്ത് തീരുമാനമെടുക്കേണ്ട ഒരു ഘട്ടത്തിലേക്ക് കാര്യങ്ങളെത്തിച്ചിരിക്കുകയാണ്. നിയമവ്യവസ്ഥയെ മാത്രമല്ല, നമ്മുടെ ജനാധിപത്യക്രമത്തിന്റെ നെടുംതൂണുകളൊക്കെതന്നെ ഈ അനീതിയുടെ ഭാഗമായിത്തീർന്നിരിക്കുന്നു. ഇവിടെയെന്താണ് നമ്മുടെ കർത്തവ്യം? ഭൂരിപക്ഷം വരുന്ന സാധാരണ ജനതയെ അതിഭീക്ഷണമായ നിസാഹായാവസ്ഥയിലേക്ക് തള്ളിവിടുന്ന ഈ അവസ്ഥയെ എങ്ങനെ പ്രതിരോധിക്കാം? ഈ അനീതിയെ അതിജീവിക്കുന്ന രാഷ്ട്രീയ കാലാവസ്ഥ എങ്ങനെ രൂപപ്പെടുത്തിയെടുക്കാം? ഇതിലുപരി ഇന്നത്തെ വികസന കാഴ്ചപ്പാടിനെതന്നെ അവിശ്വസിക്കുന്ന, ചോദ്യംചെയ്യുന്ന തരത്തിൽ ബഹുജനാഭിപ്രായം എങ്ങനെ രൂപപ്പെടുത്തിയെടുക്കാമെന്നതും പ്രാധാന്യമർഹിക്കുന്നു. ഈ ചോദ്യങ്ങൾ ചോദിക്കുകമാത്രമല്ല അവയ്ക്ക് ഉത്തരമാകാൻ നിരന്തരം പരിശ്രമിക്കുന്നുവെന്നതാണ് നർമ്മദാ സമരത്തെ മറ്റ് സമരങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്.

മഴക്കാലം-ആദ്യമഴകൾ കിട്ടിതുടങ്ങുന്ന സമയം മറ്റെവിടുത്തെയും പോലെ നർമ്മദാ താഴ്‌വരയിലും കൃഷിയിറക്കേണ്ട സമയമാണ്. എന്നാലിത്തവണ കൃഷിയിടങ്ങൾ എന്നന്നേക്കുമായി സംരക്ഷിക്കുന്നതിനായി അവർ പ്രക്ഷോഭങ്ങൾക്കിറങ്ങാൻ നിർബന്ധിതരായിരിക്കുന്നു. അതിരൂക്ഷമായ മണ്ണൊലിപ്പുമൂലം കലങ്ങിമറിഞ്ഞ നർമ്മദപോലെ നർമ്മദാ ബചാവോ ആന്ദോളൻ പ്രവർത്തകരുടെ മനവും പ്രക്ഷുബ്ധമായിരിക്കുന്നു. നർമ്മദാ തീരങ്ങളിലെ ജനതയെ ഒറ്റക്കെട്ടായി അണിനിരത്തുന്നതിന് ജാഗരണ പദയാത്രകൾ, സത്യഗ്രഹങ്ങൾ, യോഗങ്ങൾ എല്ലാം നടന്നുവരുന്നു. ഇനിയും കീഴടങ്ങാത്ത ആദിവാസി ജനതയുടെ വിശ്വാസം മാത്രമാണ് ഇതിന് പരസ്പരപൂരകമായി വർത്തിക്കുന്നത്.

ജൂൺ 20-ാം തിയതി മുതൽ നർമ്മദാ തീരത്ത് മഹാരാഷ്ട്രയിലുള്ള ഡോംഖെഡി ഗ്രാമത്തിൽ അനിശ്ചിതകാല സത്യഗ്രഹം ആരംഭിച്ചു. ഇന്ത്യയിൽ വിവിധ ഭാഗത്തുനിന്നും എത്തിച്ചേർന്ന യുവജനങ്ങളുടെ സംഗമവും ഇതോടൊപ്പം ആരംഭിക്കുകയുണ്ടായി. കൃഷിയിറക്കുന്നത് പഠിക്കുക, അവരുടെ കൂടെ പണികളിൽ പങ്കുചേരുക, ആദിവാസികളുമായി ആശയവിനിമയം നടത്തുക, ഓരോ ഗ്രാമത്തിലും സ്ഥാപിച്ചിരിക്കുന്ന പോലീസ് ചൗക്കി (നിരീക്ഷണ കേന്ദ്രങ്ങൾ)കളിലേക്ക് പ്രകടനം നടത്തുക, രാവിലെയും വൈകീട്ടും കായികമായ ശ്രമദാനം നടത്തുക തുടങ്ങിയ വൈവിധ്യവും വ്യത്യസ്തവുമായ രീതികളിലൂടെ സ്വയം വിശകലനത്തിനും സമരരൂപങ്ങളിൽ പങ്കെടുക്കുന്നതിനും ഉള്ള അവസരമാണ് ഇതിൽനിന്ന് ലഭിച്ചത്.



28-ാം തിയതി സർദാർ സരോവർ അണക്കെട്ടിൽ ആദ്യം മുങ്ങിപ്പോവുന്ന മുൻ സമരങ്ങളിൽ ശ്രദ്ധാകേന്ദ്രമായിരുന്ന മണിബേലി ഗ്രാമത്തിൽനിന്ന് വിവിധ ഗ്രാമങ്ങളിലൂടെ ജീവൻ യാത്ര ആരംഭിക്കുകയുണ്ടായി. ഭേഡ്, സുരും തുടങ്ങിയ ഗ്രാമങ്ങളിലേക്ക് വേറെ സംഘങ്ങളും യാത്തിരിച്ചു. ഏഷ്യയിലെതന്നെ ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമെന്നറിയപ്പെടുന്ന നിമാഡിലെ ജനതയുടെ സാന്നിധ്യം എടുത്തുപറയേണ്ടതാണ്. അവിടെനിന്നും ഇതേപോലെ പ്രചാരണയാത്ര ആരംഭിക്കുകയാണ്.

ജൂലൈ നാലാം തിയതി ഏതാണ്ട് മൂന്നായിരത്തോളംവരുന്ന ആദിവാസി ജനതയുടെ സാന്നിധ്യത്തിൽ മേധാപട്ക്കർ ഉൾപ്പെടെ ഒമ്പതുപേർ മമത ഉപവാസം ആരംഭിച്ചു. 12-ാം തിയതി വരെയായിരുന്ന ഉപവാസം.

അണക്കെട്ടിന്റെ പണിനിർത്തിവയ്ക്കുന്നതിനുള്ള അന്തിമ തീരുമാനം അധികാരികളുടെ ഭാഗത്തുനിന്നുണ്ടായില്ലെങ്കിൽ 'ജല സമർപ്പൺ' പോലുള്ള സമരമുറകൾ തങ്ങൾക്ക് ആലോചിക്കേണ്ടിവരുമെന്ന് നർമദാ ബചാവോ ആന്ദോളൻ പ്രഖ്യാപിച്ചിരിക്കുകയാണ്.

കഴിഞ്ഞ 14 വർഷത്തെ സമരങ്ങൾമൂലം ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന കാര്യത്തിൽ സംശയമില്ല. ലോകബാങ്ക് പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാൻ രണ്ടു കമ്മിറ്റികളെ നിയോഗിച്ചുവെന്നതും അവ സർദാർ സരോവർ അണക്കെട്ടിനെതിരേ റിപ്പോർട്ട് സമർപ്പിച്ചുവെന്നതും പ്രസ്താവ്യമാണ്. ഈ റിപ്പോർട്ടിന്റെയും ദേശീയവും അന്തർദേശീയവുമായ സമ്മർദങ്ങളുടെയും ഫലമായി ലോകബാങ്കിൽ ചരിത്രത്തിലാദ്യമായി ഒരു പദ്ധതിയിൽനിന്ന് പിൻവാങ്ങേണ്ടിവന്നു. (ചെറിയൊരു തിരുത്തുണ്ട്. അവർ പിൻവാങ്ങുന്നതിന് ഒരു ദിവസം മുമ്പ് കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം വേണ്ടെന്നുവച്ചു.

ജാപ്പനീസ് സഹായവും നിരന്തരമായ സമരങ്ങളുടെ ഫലമായി വേണ്ടെന്നുവച്ചു. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ നാലു വർഷക്കാലം അണക്കെട്ടിന്റെ പണി താത്കാലികമായെങ്കിലും നിർത്തിവയ്ക്കാൻ കഴിഞ്ഞുവെന്നതും നിസാര കാര്യമല്ല. അധികാരികളുടെ ഭാഗത്തുനിന്നുള്ള അടിച്ചമർത്തലുകൾക്കും പീഡനങ്ങൾക്കും നർമ്മദാ തീരവാസികളുടെ സമരാഗ്നി കെടുത്താൻ കഴിഞ്ഞിട്ടില്ല. ഭാരതത്തിലെയും ലോകത്തിലെയും ചെറുത്തുനില്പുകൾക്ക് നർമ്മദാ സമരം നല്കിയ പ്രത്യാശയും വളരെ വലുതാണ്. ഇതിലെല്ലാമുപരി സത്യഗ്രഹ സമരങ്ങൾക്കൊപ്പം നിർമാണ പ്രവർത്തനങ്ങളുടെ പ്രാധാന്യവും നിലനില്ക്കുന്ന ഒരു വികസന മാതൃകയ്ക്കുള്ള ബീജാവാപവും നടത്താൻ അവയ്ക്കായി. ഒരു ജനകീയ രാഷ്ട്രീയത്തിനുള്ള ആവശ്യങ്ങളും ഈ മുന്നേറ്റം നമുക്ക് സമ്മാനിച്ചിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും ഇന്ന് നർമദ സത്യാഗ്രഹം ഒരു സന്നിഗ്ദ്ധ ഘട്ടത്തിലാണ്, ഒരു വഴിത്തിരിവിലും. ഭൂരിപക്ഷമായവരുന്ന സാധാരണക്കാരുടെ ജീവിതത്തിന് യാതൊരു വിലയും കല്പിക്കാത്ത ഭരണകൂടങ്ങൾ ജനങ്ങളിൽനിന്ന് അകന്നുമാറി ദേശവിദേശ കുത്തകകൾക്കായി നാട് പണയംവച്ചുകൊണ്ടിരിക്കുന്നു. ഇന്ന് നിലവിലുള്ള ഒറ്റ രാഷ്ട്രീയ പാർട്ടിപോലും ഇക്കാര്യത്തിൽ വിഭിന്നമല്ല. ഏതു പാർട്ടി അധികാരത്തിലിരുന്നാലും അവരെ നിയന്ത്രിക്കുന്ന സുഖലോലുപരായ ഉദ്യോഗസ്ഥവൃന്ദം നീതിന്യായ വ്യവസ്ഥയെപോലും അവർ ഹൈജാക്ക് ചെയ്തുകൊണ്ടിരിക്കുന്നു. മാസം 30,000വും 40,000ളം ശമ്പളം കിട്ടുന്നവർ (കൂടുതൽ അലവൻസുകളും മറ്റും) ആരുടെ താല്പര്യമാണ് സംരക്ഷിക്കുകയെന്നത് നമ്മുടെ റിട്ടയേഡ് സുപ്രീംകോടതി ജഡ്ജി ചോദിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്. പുതുമയുള്ളതു മാത്രം വാർത്തയായി കാണുന്ന സെൻസേഷണലിസത്തിനു പുറകെ പോകുന്ന മുഖ്യധാരാ മാധ്യമങ്ങൾ.

ഈ വർത്തമാനകാല പരിസരത്തിൽ നമുക്കെന്ത് ചെയ്യാൻ കഴിയും? കാര്യങ്ങൾ കൃത്യമായി ബോധ്യമാക്കുവാനും സമരങ്ങളിൽ ഭാഗമാവാനും നർമദ താഴ്വര എപ്പോഴും നിങ്ങളെ സ്വാഗതം ചെയ്യുന്നുണ്ട്. അതിനു സാധിക്കാത്തവർ എഴുതാനറിയുന്നവരെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെ നർമദയിലേക്കയയ്ക്കാൻ സഹായിക്കുക.

ഇവിടെയിരുന്നുകൊണ്ട് നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും ആലോചിക്കേണ്ടതുണ്ട്, പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ ചുറ്റുമുള്ള ഭീകരതകളെ പ്രതിരോധിക്കുന്നവരോടൊപ്പം അവയെ പരസ്പരം ശക്തിപ്പെടുത്തുന്ന കൂട്ടായ്മകൾ രൂപപ്പെടുത്തേണ്ട വെല്ലുവിളിയും.

'പൊതുതാല്പര്യം' എന്ന പേരിൽ മുഴുവൻ പ്രാദേശിക വിഭവങ്ങളും സാമാന്യ ജനതയിൽനിന്ന് കവർന്നെടുത്ത് നഗരത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ ധാരാളിത്തത്തിന് സമ്മാനിക്കുന്ന ഈ അവസ്ഥ തുടരാൻ നാം ഇനിയും അനുമതി നല്കുമോ? എന്താണ് നമ്മുടെ തീരുമാനം?